**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1166** **30-08-2022 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ സെൽ രൂപീകരിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യുന്നതിനായി കാലാവസ്ഥാ സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. കാലാവസ്ഥാ വ്യതിയാനം ചെറുത്തു നിൽക്കാൻ ഉതകുന്ന നിർമ്മാണ രീതികൾ കേരളത്തിൽ പ്രാവർത്തികമാക്കുക, പരിസ്ഥിതി സൗഹാർദ്ദ നിർമ്മാണ രീതികൾ നിർമ്മാണ വസ്തുക്കൾ എന്നിവയുടെ ഗവേഷണങ്ങൾ നടത്തുക, സമൂഹത്തിൽ മേൽ വിഷയങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, ഇത്തരം സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള മാർഗരേഖ തയ്യാറാക്കുക, ഇവയിൽ എഞ്ചിനീയർമാർക്ക് നൂതന പരിശീലനം നൽകുക തുടങ്ങിയവയാണ് പരിസ്ഥിതി സെല്ലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി സ്വകാര്യ ഏജൻസികളെ നിയമിച്ചിട്ടുണ്ടോ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി സ്വകാര്യ ഏജൻസികളെ നിയമിച്ചിട്ടില്ല. ക്ലൈമറ്റ് സെൽ രൂപീകരിക്കുന്നതിനു ഉദ്ദേശം 26 ലക്ഷം രൂപയും, വാർഷിക പ്രവർത്തനത്തിന് ഉദ്ദേശം 1 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | നിലവിൽ പ്രസ്തുത ഏജൻസികൾക്ക് എത്ര തുക കൈമാറിയിട്ടുണ്ട്; പ്രസ്തുത സെല്ലിന്റെ പ്രവർത്തനത്തിനായി പ്രതിവർഷം എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി സ്വകാര്യ ഏജൻസികളെ നിയമിച്ചിട്ടില്ല. ക്ലൈമറ്റ് സെൽ രൂപീകരിക്കുന്നതിനു ഉദ്ദേശം 26 ലക്ഷം രൂപയും, വാർഷിക പ്രവർത്തനത്തിന് ഉദ്ദേശം 1 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ